# നമസ്കരിക്കുന്നവർ സന്തോഷിക്കുക.

[ Malayalam –മലയാളം –مليالم]

# ﴿ ابشر ايها المصلى ﴾

دار الوطن لنشر والتوزيع


സയ്യിദ് സഅ്ഫർ സ്വാദിഖ്

ترجمة : سيد صعفر صادق

പരിശോധന: മുഹമ്മദ് കബീർ സലഫി

مراجعة : محمد كبير



കോപറേറ്റീവ് ഓഫീസ് ഫോർ കാൾ & ഗൈഡൻസ്
ജുബൈയിൽ – സൗദി അറേബ്യ

المكتب التعاوني للدعوة وتوعية الجاليات بالجبيل

المملكة العربية السعودية

بسم الله الر حمن الرحيم

الحمد لله، والصلاة والسلام على رسول الله.. وبعد:

ഇസ്ലാം മനുഷ്യനോട് പറയുന്ന ഏറ്റവും പ്രധാന കാര്യം യഥാർത്ഥത്തിൽ ആരാധിക്കപ്പെടുവാൻ അർഹൻ അല്ലാഹു മാത്രമേ ഉള്ളൂ എന്നതാണ്. സർവ്വ പ്രവാചകന്മാരുടെയും പ്രബോധന സംഗതിയാണത്. لاإله الاالله محمد رسول الله എന്ന് അംഗീകരിച്ച് അല്ലാഹുവിൻെറ വിധിവിലക്കുകൾ അനുസരിച്ച് ജീവിക്കാൻ തയ്യാറാകുന്ന ഒരു മുസ്ലിം നിർബ്ബന്ധമായും നിർവ്വഹിക്കേണ്ട ആരാധനകളുണ്ട്. അതിൽ പ്രധാനപ്പെട്ടതാണ് നമസ്കാരം. ഓരോ മുസ്ലിമിനും അഞ്ച് നേരത്തെ നമസ്കാരം നിർബ്ബന്ധമാകുന്നു. നമസ്കാരത്തിൽ നിന്ന് ഒരാൾക്കും തന്നെ യാതൊരു സമയത്തും ഒഴിവ് കഴിവില്ല. യുദ്ധത്തിൽ പോലും നമസ്കരിക്കുവാനാണ് അല്ലാഹു വിശുദ്ധഖുർആനിലൂടെ നമ്മെ പഠിപ്പിക്കുന്നത്. ഖുർആൻ മറിച്ച് നോക്കുമ്പോൾ 'നിങ്ങൾ നമസ്കരിക്കുക' എന്നല്ല അല്ലാഹു പറയുന്നത്. മറിച്ച് നമസ്കാരം നിലനിർത്തുവാനാണ് പറയുന്നത്. أقيموا الصلاة 'നിങ്ങൾ നമസ്കാരം നിലനിർത്തുവിൻ'. അഥവാ, നമസ്കാരത്തിൻെറ എല്ലാ നിബന്ധനകളും, ഫർളുകളും, സുന്നത്തുകളും എല്ലാം പരിഗണിച്ച്കൊണ്ട് അതിൻെറ സമയത്ത് തന്നെ പള്ളിയിൽ പോയി നിർവ്വഹിക്കുക എന്നതാണത്. ആ നിർബ്ബന്ധതയിൽ നിന്ന് തിരുമേനി ഒഴിവാക്കിയിട്ടില്ലാത്ത മുഴുവനാളുകൾക്കും ബാങ്ക്കേൾക്കുന്നുവെങ്കിൽ പള്ളിയിലെ ജമാഅത്തിൽ പങ്കെടുക്കൽ നിർബ്ബന്ധമാണ്. ചിലയാളുകൾ അതിൽ അലംഭാവം കാണിക്കുന്നുണ്ട്. വിശുദ്ധ ഖുർആനിൻെറയും തിരുസുന്നത്തിൻെറയും അടിസ്ഥാനത്തിൽ ജമാഅത്ത് നമസ്കാരം ഓരോ വ്യക്തികളും നിർവ്വഹിക്കേണ്ട നിർബ്ബന്ധ ബാധ്യതയാകുന്നു വെന്നാണ് നമുക്ക് മനസിലാ വുന്നത്.

നമസ്കരിക്കുന്നവർക്കും, അത് ജമാഅത്തായി നിർവ്വഹിക്കുന്നവർക്കും പ്രവാചകൻ തൻെറ തിരുമൊഴികളിലൂടെ നൽകിയിട്ടുള്ള സന്തോഷ വാർത്തകളാണ് ഹദീസുകൾ ഉദ്ധരിച്ച്കൊണ്ട് വിവരിക്കുവാൻ ആഗ്രഹിക്കുന്നത്. അല്ലാഹു അനുഗ്രഹിക്കുമാറാവട്ടെ.

**ഏറ്റവും ശ്രേഷ്ഠമായ പ്രവർത്തനം:**

(سئل النبي ﷺ أي الأعمال أفضل قال الصلاة لأول وقتها)(مسلم)

പ്രവാചകൻﷺ ചോദിക്കപ്പെട്ടു ഏത് പ്രവർത്തനമാണ് ഏറ്റവും ശ്രേഷ്ഠമായത്? തിരുമേനി പറഞ്ഞു: 'നമസ്കാരം അതിൻെറ സമയത്ത് നിർവ്വഹിക്കലാകുന്നു' (ബുഖാരി)

**നമസ്കാരം അല്ലാഹുവുമായിട്ടുള്ള രഹസ്യ സംഭാഷണം:**

(قال النبي ﷺ إن أحدكم إذا صلى يناجي ربه ) (بخاري)

പ്രവാചകൻﷺ പറഞ്ഞു: 'നിങ്ങളാരെങ്കിലും നമസ്കരിക്കുകയാണെങ്കിൽ അവൻ തൻെറ രക്ഷിതാവുമായി രഹസ്യ സംഭാഷണത്തിലാകുന്നു' (ബുഖാരി)

**നമസ്കാരം ദീനിൻെറ സ്തംഭം:**

(قال النبي ﷺ رأس الأمر الإسلام وعموده الصلاة وذروة سنامه الجهاد)

തിരുമേനിﷺ പറഞ്ഞു: "കാര്യങ്ങളിൽ പ്രധാനപ്പെട്ടത് ഇസ്ലാമാകുന്നു, അതിൻെറ സ്തംഭം നമസ്കാരവും, അതിൻെറ കണിഞ്ഞാൺ ധർമ്മ സമരവുമാകുന്നു" (തിർമിദി)

**നമസ്കാരം പ്രകാശമാണ്:**

(قال رسول الله ﷺ والصلاة نور ) (مسلم)

റസൂൽﷺ പറഞ്ഞു: നമസ്കാരം പ്രകാശമാണ്" (മുസ്ലിം)

**കാപട്യത്തിൽ നിന്ന് സംരക്ഷണം:**

(قال النبي ﷺ ليس صلاة أثقل على المنافقين من الفجر والعشاء ولو يعلمون ما فيهما لأتوهما ولو حبوا ) (بخاري)

തിരുമേനിﷺ അരുളി: "കപട വിശ്വാസികൾക്ക് ഇശാഅ്, സുബഹ് എന്നീ രണ്ട് നമസ്കാരത്തെക്കാൾ ഭാരമേറിയ വേറൊരു നമസ്കാരവുമില്ല, എന്നാൽ അതിനുള്ള പ്രതിഫലം അവർ അറിഞ്ഞിരുന്നുവെങ്കിൽ ഇഴഞ്ഞ്കൊണ്ടെങ്കിലും അവരതിന് എത്തുമായിരുന്നു" (ബുഖാരി)

നരകത്തിൽ നിന്നും സംരക്ഷണം:

قال سمعت رسول الله ﷺ يقول لن يلج النار أحد صلى قبل طلوع الشمس وقبل غروبها يعني الفجر والعصر )(مسلم)

തിരുമേനിﷺ പറഞ്ഞു: "സൂര്യൻ ഉദിക്കുന്നതിനു മുമ്പും, സൂര്യൻ അസ്തമിക്കുന്നതിന് മുമ്പും ആരെങ്കിലും നമസ്കരിക്കുകയാണെങ്കിൽ അവൻ നരകത്തിൽ പ്രവേശിക്കുകയില്ല. അതായത് സുബഹും, അസ്വറും" (മുസ്‌ലിം)

നമസ്കാരം തിന്മയെയും, നീചവൃത്തിയേയും തടയുന്നു:

(اتل ما أوحي إليك من الكتاب وأقم الصلاة إن الصلاة تنهى عن الفحشاء والمنكر)

അല്ലാഹു പറയുന്നു: "(നബിയെ), വേദഗ്രന്ഥത്തിൽ നിന്നും നിനക്ക് ബോധനം നൽകപ്പെട്ടത് ഓതിക്കേൾപ്പിക്കുകയും, നമസ്കാരം മുറപോലെ നിർവ്വഹിക്കുകയും ചെയ്യുക. തീർച്ചയായും നമസ്കാരം നീചവൃത്തി യിൽ നിന്നും, നിഷിദ്ധകർമ്മത്തിൽ നിന്നും തടയുന്നു" (അൻകബൂത്:45)

നമസ്കാരം മനസ്സിന് കരുത്ത് നൽകുന്നു:

(واستعينوا بالصبر والصلاة)

അല്ലാഹു പറയുന്നു: 'സഹനവും നമസ്കാരവും മൂലം (അല്ലാഹുവിൻെറ) സഹായം തേടുക" (അൽബഖറ:45)

ജമാഅത്ത് നമസ്കാരത്തിന് ശ്രേഷ്ഠത കൂടുതലുണ്ട്:

(قال ﷺ صلاة الجماعة أفضل من صلاة الفذ بسبع وعشرين درجة )

തിരുമേനിﷺ അരുളി: "ജമാഅത്തായി നമസ്കരിക്കുന്നത് ഒറ്റക്ക് നമസ്കരിക്കുന്നതിനേക്കാൾ ഇരുപത്തിയേഴ് ഇരട്ടി ശ്രേഷ്ഠതയുള്ളതാകുന്നു" (മുത്തഫഖുൻ അലൈഹി)

മലക്കുകൾ പ്രാർത്ഥിക്കും:

(قال ﷺ الملائكة تصلي على أحدكم ما دام في مصلاه الذي صلى فيه ما لم يحدث تقول اللهم اغفر له اللهم ارحمه )

റസൂൽﷺ പറഞ്ഞു: “ആരെങ്കിലും നമസ്കരിച്ച സ്ഥലത്ത് തന്നെ വുളു മുറിയാതെ ഇരിക്കുകയാണെങ്കിൽ അവ ർക്ക്വേണ്ടി മലക്കുകൾ സ്വലാത്ത് ചൊല്ലുന്നതാണ്. അവർ പറയും: അല്ലാഹുവെ, ഇദ്ദേഹ ത്തിന് നീ പൊറുത്ത് കൊടുക്കേണമേ, അല്ലാഹുവെ, ഇദ്ദേഹത്തിന് നീ കാരുണ്യം നൽകേണമേ” (മുത്തഫഖുൻ അലൈഹി)

പാപങ്ങൾ പൊറുക്കപ്പെടും:

(يقول ﷺ من توضأ للصلاة فأسبغ الوضوء ثم مشى إلى الصلاة المكتوبة فصلاها مع الناس أو مع الجماعة أو في المسجد غفر الله له ذنوبه )

തിരുമേനിﷺ പറയുകയുണ്ടായി: “ആരെങ്കിലും നമസ്കാരത്തിന് വുളു ചെയ്യുന്നത്പോലെ പരിപൂർണമായി വുളു ചെയ്ത് നമസ്കാര സ്ഥലത്തേക്ക് നടന്ന് പുറപ്പെടുകയും, നിർബ്ബന്ധ നമസ്കാരം ജനങ്ങളോടൊപ്പം അല്ലെങ്കിൽ ജമാഅത്തായി പള്ളിയിൽ വെച്ച് നമസ്കരിക്കുകയാണെങ്കിൽ അവൻെറ പാപങ്ങൾ പൊറുക്ക പ്പെടുന്നതാണ്” (മുസ്ലിം)

പാപങ്ങൾ മുഴുവനും മായ്ക്കപ്പെടും:

(يقول ﷺ أرأيتم لو أن نهرا بباب أحدكم يغتسل منه كل يوم خمس مرات هل يبقى من درنه شيء قالوا لا يبقى من درنه شيء قال فذلك مثل الصلوات الخمس يمحو الله بهن الخطايا )

നബിതിരുമേനിﷺ പറയുന്നു : നിങ്ങളിൽ ഒരുവൻെറ കവാടത്തിന് മുമ്പിലൂടെ ഒഴുകിക്കൊണ്ടിരിക്കുന്ന നദി യിൽ അഞ്ചു നേരവും കുളിക്കുകയാണെങ്കിൽ അയാളിൽ അഴുക്കുകൾ വല്ലതും അവശേഷിച്ചിരിക്കുമോ, എ ന്താണ് നിങ്ങളുടെ അഭിപ്രായം? അവർ പറഞ്ഞു: അയാളിൽ യാതൊരു അഴുക്കും ബാക്കിയാവില്ല. അവിടുന്ന് അരുളി : അതാണ് അഞ്ചു നേരങ്ങളിലെ നമസ്കാരത്തിൻെറ ഉദാഹരണം. മുഴുവൻ പാപങ്ങളും അതുവഴി അല്ലാഹു നീക്കിത്തരുന്നു.” (മുത്തഫഖുൻ അലൈഹി)

സ്വർഗത്തിൽ ഉന്നത സ്ഥാനം ലഭിക്കും:

( قال ﷺ من غدا إلى المسجد وراح أعد الله له نزله من الجنة كلما غدا أو راح )

തിരുമേനിﷺ അരുളി: "ആരെങ്കിലും രാവിലെയും വൈകുന്നേരവും പള്ളിയിലേക്ക് പോകുകയാണെങ്കിൽ രാവി ലെയും വൈകുന്നേരവും പോകുമ്പോഴെല്ലാം അവന് സ്വർഗത്തിൽ അഥിതികൾക്ക് ഒരുക്കിക്കൊടുക്കുന്നത് പോലെയുള്ള ഉന്നതസ്ഥാനം ഒരുക്കിക്കൊടുക്കുന്നതാണ്" (മുത്തഫഖുൻ അലൈഹി)

ഓരോ കാലടിക്കും പാപം പൊറുക്കുകയും, പദവി ഉയർത്തുകയും ചെയ്യും:

(قال ﷺ من تطهر في بيته ثم مشى إلى بيت من بيوت الله ليقضي فريضة من فرائض الله كانت خطوتاه إحداهما تحط خطيئة والأخرى ترفع درجة

റസൂലുല്ലാഹ്ﷺ പറയുകയുണ്ടായി: "ആരെങ്കിലും സ്വന്തം വീട്ടിൽനിന്ന് ശുദ്ധി വരുത്തിക്കൊണ്ട് അല്ലാഹു വിന്റെ ഭവനങ്ങളിൽ ഏതെങ്കിലും ഭവനത്തിലേക്ക് അല്ലാഹു നിർബ്ബന്ധമാക്കിയ ഏതെങ്കിലും ഫർള് നമസ് കാരം നിർവ്വഹിക്കുവാൻ പുറപ്പെടുകയും ചെയ്താൽ അവന്റെ ഒരു കാലടിക്ക് അവന്റെ പാപങ്ങൾ പൊറുക്കപ്പെടുകയും, മറ്റെ കാലടിക്ക് അവന്റെ പദവി ഉയർത്തുകയും ചെയ്യുന്നതാണ്" (മുസ്ലിം)

നേരത്തെ പുറപ്പെടുന്നവന് കൂടുതൽ പ്രതിഫലം:

(قال ﷺ لو يعلم الناس ما في النداء والصف الأول ثم لم يجدوا إلا أن يستهموا عليه لاستهموا ولو يعلمون ما في التهجير لاستبقوا إليه ولو يعلمون ما في العتمة والصبح لأتوهما ولو حبوا)

പ്രവാചകൻﷺ പറഞ്ഞു: "ബാങ്കിനും ഒന്നാമത്തെ സ്വഫ്ഫിനുമുള്ള പ്രതിഫലം ജനങ്ങൾ അറിഞ്ഞിരുന്നുവെങ്കിൽ അത് കരസ്ഥമാക്കുവാൻ നറുക്കിട്ടല്ലാതെ ലഭിക്കില്ലായെങ്കിൽ അവർ നറുക്കിടുവാൻ തയ്യാറാകും, അത് പോലെ നമസ്കാരത്തിന് നേരത്തെ എത്തിച്ചേരുന്നതിനുള്ള പ്രതിഫലം അവർ അറിയുകയാണെങ്കിൽ അവര

തിന് മൽസരിക്കുമായിരുന്നു, അത്പോലെ ഇശാഅ്, സുബഹ് എന്നീ നമസ്കാരത്തിനുള്ള പ്രതിഫലം മനസി ലാക്കിയിരുന്നുവെങ്കിൽ അവരത് കരഗതമാക്കുവാൻ വേണ്ടി മുട്ടിൽ ഇഴഞ്ഞ്കൊണ്ടെങ്കിലും എത്തുമായിരുന്നു" (മുത്തഫഖുൻ അലൈഹി)

നമസ്കാരം പ്രതീക്ഷിച്ചിരിക്കുന്നവൻ നമസ്കാരത്തിലാണ്:

قال ﷺ لا يزال أحدكم في صلاة ما دامت الصلاة تحبسه لا يمنعه أن ينقلب إلى أهله إلا الصلاة )

തിരുമേനിﷺ പറഞ്ഞിരിക്കുന്നു: "തന്റെ കുടുംബത്തിലേക്ക് മടങ്ങുവാൻ നമസ്കാരമല്ലാതെ ഒന്നും ഒരാളെ തടയുന്നില്ല, അങ്ങിനെ നമസ്കാരം പ്രതീക്ഷിച്ചിരിക്കുന്നവൻ നമസ്കാരത്തിൽ തന്നെയായിരിക്കും" (മുത്തഫഖുൻ അലൈഹി)

ആമീൻ പറയുന്നത് മലക്കുകളുടെ ആമീനിനോട് യോജിച്ചാൽ:

قال ﷺ إذا قال أحدكم آمين وقالت الملائكة في السماء آمين فوافقت إحداهما الأخرى غفر له ما تقدم من ذنبه)

റസൂലുള്ളാഹ്ﷺ അരുളി: "ആരെങ്കിലും ആമീൻ പറയുകയാണെങ്കിൽ മലക്കുകൾ ആകാശത്ത് നിന്ന് ആമീൻ പറയുന്നതാണ്, മലക്കുകളുടെ ആമീനിനോട് യോജിക്കുകയാണെങ്കിൽ അവന്റെ മുൻ കഴിഞ്ഞ പാപങ്ങൾ പൊറുക്കപ്പെടുന്നതാണ്" (മുത്തഫഖുൻ അലൈഹി)

അല്ലാഹുവിന്റെ സംരക്ഷണത്തിൽ:

قال ﷺ من صلى الصبح فهو في ذمة الله فلا يطلبنكم الله من ذمته بشيء )

തിരുമേനിﷺ അരുളുകയുണ്ടായി: "ആരെങ്കിലും സുബഹി നമസ്കരിച്ചാൽ അവൻ അല്ലാഹുവിന്റെ സംരക്ഷണത്തിലാണ്, അവന്റെ സംരക്ഷണം ലഭിക്കുവാൻ അല്ലാഹു പിന്നെ നിങ്ങളോട് ഒന്നും ആവശ്യപ്പെടുന്നില്ല" (മുസ്ലിം)

പരലോകത്ത് സമ്പൂർണ്ണ പ്രകാശം:

قال ﷺ بشر المشائين في الظلم إلى المساجد بالنور التام يوم القيامة)

കാരുണ്യത്തിൻെറ പ്രവാചകൻﷺ അരുളി: “പള്ളിയിലേക്ക് ഇരുട്ടിൽ പോകുന്നവർക്ക് പരലോകത്ത് സമ്പൂർണ പ്രകാശം കൊണ്ട് സന്തോഷ വാർത്ത അറിയിക്കുക.” (അബൂദാവൂദ്, തിർമിദി)

സ്വർഗം നേടാൻ:

(قال ﷺ من صلى البردين دخل الجنة)

തിരുമേനിﷺ അരുളി: “ആരെങ്കിലും ബറദൈനി (അസറും, സുബഹിയും) നമസ്കരിച്ചാൽ അവന് സ്വർഗമുണ്ട്” (മുത്തഫഖുൻ അലൈഹി)

സ്വർഗത്തിലേക്കുള്ള പാതയിൽ:

(قال ﷺ المسجد بيت كل تقي وتكفل الله لمن كان المسجد بيته بالروح والرحمة، والجواز على الصراط إلى رضوان الله الى الجنة) (رواه الطبراني وصححه الألباني)

റസൂലുല്ലാഹ് ﷺ പറയുകയുണ്ടായി: “തഖ്വയുള്ളവരുടെ വീടാണ് പള്ളി, ആരുടെയെങ്കിലും വീട് പള്ളിയാണെ ങ്കിൽ അല്ലാഹു അവനെ ആത്മാവ് കൊണ്ടും കാരുണ്യം കൊണ്ടും ഏറ്റെടുത്തിരിക്കുന്നു, അത് പോലെ അല്ലാഹുവിൻെറ തൃപ്തിയുടെ ഗേഹമായ സ്വർഗത്തിലേക്കുള്ള പാത മുറിച്ച് കടക്കുകയും ചെയ്യുന്നതാണ്” (ത്വബ്റാനി, അൽബാനി സ്വഹീഹാക്കിയിട്ടുണ്ട്)

അഞ്ച് നേരം പള്ളിയിൽ പോയി ജമാഅത്തായി നമസ്കരിക്കുവാൻ അല്ലാഹു നമുക്ക് തൗഫീഖ് നൽകുമാറാവട്ടെ. അവൻ നമ്മെയെല്ലാവരെയും അവൻെറ ജന്നാത്തുൽ ഫിർദൗസിൽ ഒരുമിച്ച് കൂട്ടുമാറാവട്ടെ. ആമീൻ.

وصلى الله وسلم على خير خلقه نبينا محمد وآله وصحبه أجمعين

والحمد لله رب العالمين